വിമുക്തസംഗ: ശാന്താത്മാ സംയതാക്ഷോഽപരിഗ്രഹ:
യദൃച്ഛയോപപന്നേന കൽപയൻ വൃത്തിമാത്മന: (9-2-12)
ആത്മന്യാത്മാനമാധായ ജ്ഞാനതൃപ്ത: സമാഹിത:
വിചചാര മഹീമേതാം ജഡാന്ധബധിരാകൃതി: (9-2-13)
ഏവം വൃത്തോ വനം ഗത്വാ ദൃഷ്ട്വാ ദാവാഗ്നിമുത്ഥിതം
തേനോപയുക്തകരണോ ബ്രഹ്മ പ്രാപ പരം മുനി: (9-2-14)

ശുകമുനി തുടർന്നു:
സുദ്യുമ്നൻ സന്യാസം സ്വീകരിച്ച് വനവാസം തുടങ്ങിയതുകൊണ്ട് വൈവസ്വതമനു ദു:ഖിതനായി. ഒരു പുത്രൻ കൂടിയുണ്ടാവണമെന്നാഗ്രഹിക്കുകയും ചെയ്തു. ആഗ്രഹപൂർത്തിക്കായി അദ്ദേഹം ഭഗവാനെ പൂജിച്ചു. തൽഫലമായി പത്തു പുത്രന്മാരുണ്ടായി. അതിൽ മൂത്തയാളത്രെ ഇക്ഷ്വാകു. മക്കളിൽ ഒരാൾ പൃഷധരൻ, ഗുരുവിന്റെ നിർദ്ദേശപ്രകാരം കാലി മേക്കാൻ പോയി. ഒരു രാത്രിയിൽ പൃഷധരൻ കാലികളെ ജാഗരൂകനായി സൂക്ഷിച്ചിരുന്നുവെങ്കിലും പെട്ടെന്ന് കാർമേഘം മൂടി ഇരുട്ടായതിനാൽ പശുക്കളെ എല്ലാം കാണാൻ കഴിയുമായിരുന്നില്ല. ഒരു പുലി കാലിക്കൂട്ടത്തിൽ കയറി ഒരു പശുവിനെ പിടികൂടി. അത് അലമുറയിടാനും തുടങ്ങി. പൃഷധരൻ ക്ഷണനേരം കൊണ്ടവിടെ എത്തി വാളെടുത്ത് വെട്ടിയതാകട്ടെ ഒരു പശുവിന്റെ തലയും. പുലിയ്ക്കു മുറിവു പറ്റിയെങ്കിലും അത് കാട്ടിലേക്കോടി രക്ഷപ്പെട്ടു. പ്രഭാതമായപ്പോഴേ പൃഷധരന് അബദ്ധം മനസ്സിലായുള്ളു. ഗുരുവായ വസിഷ്ഠൻ പൃഷധരനോടു പൊറുത്തില്ല. രാജകുമാരസ്ഥാനവും നഷ്ടപ്പെട്ട് ശൂദ്രനായി അലയാൻ ഗുരു അയാളെ ശപിച്ചു. ഗുരുശാപം ശിരസ്സാ വഹിച്ച് പൃഷധരൻ ആജീവനാന്തകാലം ബ്രഹ്മചര്യവ്രതമെടുത്ത് ഭഗവാനിൽ ഹൃദയമർപ്പിച്ച് പരമഭക്തി വളർത്തിയെടുത്തു. എല്ലാ ആസക്തികളിൽ നിന്നും വിടുതൽ നേടി ഇന്ദ്രിയങ്ങളെ നിയന്ത്രിച്ച്, ആശയോ ആവശ്യങ്ങളോ ഇല്ലാതെ ശാന്തനായി, തനിക്കു കിട്ടുന്നതെന്തോ അതാഹരിച്ച് ആത്മാരാമനായി ഭൂമിയിലങ്ങിനെ അദ്ദേഹം അലഞ്ഞു നടന്നു. കുരുടനോ, പൊട്ടനോ, വിഡ്ഢിയോ എന്നു തോന്നുമാറ് പൃഷധരൻ കഴിഞ്ഞുപോന്നു. ഒരു ദിനം കാട്ടുതീയിൽ അകപ്പെട്ട് അദ്ദേഹം മോക്ഷം പ്രാപിച്ചു. വൈവസ്വതമനുവിന്റെ മറ്റൊരു മകൻ കവി, ചെറുപ്രായത്തിൽത്തന്നെ സന്യാസം സ്വീകരിച്ച് കാട്ടിലേക്ക് പോയി ആത്മസാക്ഷാത്കാരം പൂകി. അദ്ദേഹത്തിന്റെ പുത്രനായ കരൂഷനിൽ നിന്ന് കാരൂഷാഗോത്രമുണ്ടായി. മറ്റൊരു പുത്രനായ ധൃഷ്ടന്റെ പിൻഗാമികളായ ധാർഷ്ടന്മാർ ബ്രാഹ്മണരായി.

വേറൊരു പുത്രനായ ദിഷ്ടന്റെ കുലത്തിലെ മരുത്തൻ ഒരു ചക്രവർത്തിയായി അനിതരസാധാരണമായതും വിപുലവുമായ ഒരു യാഗം നടത്തി. അതിനുപയോഗിച്ച പാത്രങ്ങളെല്ലാം സ്വർണ്ണനിർമ്മിതമായിരുന്നുവത്രെ. ദേവന്മാരും ബ്രാഹ്മണരും തങ്ങൾക്കു കിട്ടിയ അർഘ്യങ്ങളിലും സമ്മാനങ്ങളിലും സന്തുഷ്ടരായി. വായുദേവതകൾ സ്വയം യാഗശാലയിൽ അതിഥികളെ സ്വീകരിക്കാനാഗതരായി എന്ന് പറയപ്പെടുന്നു. മരുത്തന്റെ പിൻഗാമിയായ തൃണബിന്ദു ദിവ്യഗുണങ്ങളുടെ മൂർത്തീഭാവമായിരുന്നു. അദ്ദേഹം അലംബു, എന്ന അപ്സരസ്സിനെ വിവാഹം ചെയ്തു. അതിൽ കുറെയേറെ പുത്രന്മാരും ഒരു മകളും ഉണ്ടായി. അതേ ഗോത്രത്തിൽ തന്നെയാണ് വൈശാലി നഗരം നിർമ്മിച്ച വിശാലന്റെ ജനനം. ഭക്തശിരോമണിയായി ജീവിച്ച് ആത്മസാക്ഷാത്കാരം നേടിയ സോമദത്തനും ഇതേ ഗോത്രക്കാരനത്രെ. ജനമേജയൻ സോമദത്തന്റെ ചെറുമകനാണ്.

മനുവിന്റെ മറ്റു മക്കൾക്കും പിൻഗാമികളുണ്ടായിരുന്നു.